# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1758

17/06/2013 - ൽ മറുപടിക്ക്

## കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ;<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി ;<br>ശ്രീ. ഷാഫി പറമ്പിൽ ;<br>ശ്രീ. വി.റ്റി. ബൽറാം ; | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| എ) 'കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി' നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്. തീരദേശ ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന്, കേരളത്തിലെ ചെറുകിട തുറമുഖങ്ങളേയും ഉൾനാടൻ ജലഗതാഗതത്തേയും ബന്ധപ്പെടുത്തികൊണ്ട് 'കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി' നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | കരമാർഗ്ഗമുള്ള ചരക്ക് കടത്തിന്റെ 20 % ജലമാർഗ്ഗമാക്കുക, റോഡിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുക, ചരക്കു കടത്തുകൂലി (ചാർജ്ജ്) കുറയ്ക്കുക, റോഡപകടങ്ങൾ കുറയ്ക്കുക, അന്തരീക്ഷ മലിനീകരണ തോത് കുറയ്ക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യങ്ങൾ. |
| സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ; | സി) | സംസ്ഥാന തുറമുഖ വകുപ്പ്, കേരള സംസ്ഥാന മാരിടൈം ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നീ ഏജൻസികളാണ് സഹകരിക്കുന്നത് . |
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | ഡി) | ഇതിനായി Strategic road map cum action പ്ലാനും, ബിസിനസ് പ്ലാനും തയ്യാറാക്കിയിട്ടുണ്ട്. ചരക്ക് കടത്തിനായി ജലയാനം വാടകയ്ക്ക് എടുത്തു. ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി അഴീക്കൽ, ബേപ്പൂർ, കൊടുങ്ങല്ലൂർ, കൊല്ലം തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ.